**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4753** **19-03-2025 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി 647 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, കാരോട് 128 കുടുംബങ്ങൾക്കും, ബീമാപ്പള്ളിയിൽ 20 കുടുംബങ്ങൾക്കും ഫ്ലാറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ 4116 ഗുണഭോക്താക്കൾ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം വർക്കല നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; എത്ര പേർക്ക് വീടോ സാമ്പത്തിക ആനുകൂല്യമോ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | വർക്കല നിയോജക മണ്ഡലത്തിൽ 31 കുടുംബങ്ങൾ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 31 കുടുംബങ്ങൾക്കും വസ്തുവിനും വീടിനും വേണ്ടി സാമ്പത്തിക ആനുകൂല്യം നൽകിയിട്ടുണ്ട്. 30 കുടുംബങ്ങൾ വീട് പണി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. ശേഷിക്കുന്ന ഒരു കുടുംബം ഒന്നാം ഘട്ടം തുക കൈപ്പറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ